# V സബ്മിഷൻ

## (1) തഴക്കര പഞ്ചായത്തിലെ പോലീസ് മർദ്ദനം

ശ്രീ. വി. കേശവൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തഴക്കര പഞ്ചായത്തിൽ വ്യാപകമായി, പോലീസ് ഹരിജൻ കോളനികളിൽ കടന്നുകയറി സ്ത്രീകളടക്കം ആളുകളെ അതിക്രൂരമായി മർദ്ദിക്കുകയും അവരുടെ വീടുകൾ തല്ലിത്തകർക്കുകയും ചെയ്യുന്ന സംഭവങ്ങൾ കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളിലായി നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കഴിഞ്ഞ 14-ാം തീയതി വൈകുന്നേരം 7 മണിയോടുകൂടി മാർക്സിസ്റ്റ് പാർട്ടിയുടെ മാങ്കാങ്കുഴി ലോക്കൽ കമ്മിറ്റി ഓഫീസിൽ യോഗം കൂടിക്കൊണ്ടിരുന്ന ആളുകൾ പുറത്തേക്ക് ഇറങ്ങിവന്നപ്പോൾ ഒരു പറ്റം ആർ. എസ്. എസ്സുകാർ ഇവരെ അടിച്ചും ഒട്ടിയും കൊലപ്പെടുത്താൻ ശ്രമിച്ചു. അതിന്റെ ഫലമായി മാധവൻ, കൃഷ്ണൻകുട്ടിപ്പണിക്കർ, ഗോപിനാഥൻ നായർ എന്നിങ്ങനെ മൂന്നുപേർ ഗുരുതരമായ പരിക്കേറ്റ് മാവേലിക്കര ഗവൺമെന്റ് ആശുപത്രിയിൽ കിടക്കുകയാണ്. ഈ സംഭവം നടന്നതിനുശേഷം അവിടെ വന്ന പോലീസ്, മാർക്സിസ്റ്റ്—ആർ. എസ്. എസ്. സംഘട്ടനം എന്നുപറഞ്ഞുകൊണ്ട് വ്യാപകമായി അക്രമം നടത്തി. കർഷകത്തൊഴിലാളികളും ധാരാളമുള്ള പ്രദേശമാണിത്. ഹരിജൻ കോളനികളിൽ അർദ്ധരാത്രി സമയത്ത് കടന്നുചെന്ന് 70 വയസ്സായ വല്യമ്മയേയും പിഞ്ചുകുട്ടികളേയും അടക്കം അതിക്രൂരമായി മർദ്ദിക്കുകയും അവിടുത്തെ വീടുകൾ തല്ലിപ്പൊളിക്കുകയുമാണ് ചെയ്തത്. വെട്ടിയാർമണ്ണപ്പുറത്ത് കോളനിയിലെ ത്രേസ്യയെന്ന 70 കാരിയേയും അവരുടെ ഭർത്താവിനെയും പോലീസ് മർദ്ദിച്ചു. പോലീസ് ആർ. എസ്. എസ്സുകാരുമായി കൂട്ടുചേർന്നുകൊണ്ടാണ് ഈ അക്രമങ്ങൾ നടത്തുന്നത്. ആർ. എസ്. എസ്സുകാരും കോൺഗ്രസ് (ഐ) ക്കാരും പോലീസ് ജീപ്പിൽ കയറി അവർ ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന ആളുകളുടെ വീടുകൾ പോയി തല്ലിപ്പൊളിക്കുകയും അവരെ കൂട്ടമായി അറസ്റ്റ് ചെയ്യുകയും ചെയ്യുന്ന ഏറ്റവും ഹീനമായ സംഭവമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതിനു ശേഷം ഇക്കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളായി ആ സ്ഥലത്ത് പാവപ്പെട്ട ഹരിജനങ്ങൾക്ക് താമസിക്കാൻ സാധിക്കാത്ത നിലയിൽ വ്യാപകമായി പോലീസ് ആർ. എസ്. എസ്സ്. അക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 14-ാം തീയതി സംഭവം നടന്നു. 15-ാം തീയതി ആലപ്പുഴ എസ്. പി. യും ചെങ്ങന്നൂർ ഡി. വൈ. എസ്. പി. യും മാവേലിക്കര സർക്കിളും അടക്കം പത്തുപതിനഞ്ചു പോലീസ്, സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ പോലീസ് സംഘങ്ങൾ അവിടെ ചുറ്റി സഞ്ചരിച്ചു. 15-ാം തീയതി വൈകിട്ട് 5 മണിക്ക് പോലീസിന്റെ സാന്നിദ്ധ്യത്തിൽ ആർ. എസ്. എസ്സുകാർ വെട്ടിയാർ പ്രദേശത്ത് ജാഥയായി കടന്നുചെന്ന് ഞങ്ങളുടെ പാർട്ടിയുടെ പ്രധാന പ്രവർത്തകനായ ശ്രീ. കെ. കെ. ജനാർദ്ദനന്റെ വീട് തല്ലിപ്പൊളിക്കുകയും അയാളെ വെട്ടി പരിക്കേല്പിക്കുകയും ചെയ്തു. അയാൾ ഗുരുതരമായ നിലയിൽ ആസ്പത്രിയിൽ കിടക്കുകയാണ്. അതുപോലെതന്നെ കുട്ടി എന്നു പറയുന്ന ആളിന്റെ ഏറുമാടക്കട തല്ലിത്തകർത്തു അതിന്റെ ചിത്രമാണ് ഇത്. (ചിത്രം സഭയിൽ കാണിച്ചു) വിജയമ്മ എന്നുപറയുന്ന ഒരു പെൺകുട്ടിയെ അവർ അടിച്ചു. അവരും ഇപ്പോൾ മാവേലിക്കര ഗവൺമെന്റ് ആശുപത്രിയിൽ കിടക്കുകയാണ്. അതുപോലെതന്നെ ചന്ദ്രൻപിള്ള എന്ന പ്രവർത്തകന്റെ വീട് തല്ലിപ്പൊളിച്ചു. (അതിന്റെ ചിത്രം മെമ്പർ സഭയിൽ കാണിച്ചു) ഇത്തരത്തിൽ വ്യാപകമായ ആക്രമണം നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടമായി അറസ്റ്റ് ചെയ്തുകൊണ്ടുപോകുന്ന ആളുകളെ കോൺഗ്രസ്സ് (ഐ) യുടെ ഓഫീസിൽ നിന്ന് വിളിച്ച് പറഞ്ഞ് ജാമ്യത്തിലിറക്കുകയാണ്. ആർ. എസ്. എസ്സും പോലീസും കോൺഗ്രസ് (ഐ) യും ചേർന്നു കൊണ്ടു നടത്തുന്ന രാഷ്ട്രീയ കളികളാണ് ഇത്. തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി, ഭരണകക്ഷിക്ക് അനുകൂലമായി നിയോജകമണ്ഡലത്തെ ഒരുക്കിയെടുക്കാൻ വേണ്ടി രാഷ്ട്രീയ ഗൂഢാലോചനയും കളളക്കളിയും നടത്തുകയാണ്. അവിടുത്തെ ജനപ്രതിനിധിയായ എനിക്ക് പോലും ആ മണ്ഡലത്തിലെ ജനങ്ങളെ ആശ്വസിപ്പിക്കാനും സമാധാനിപ്പിക്കാനും കഴിയാത്ത സ്ഥിതിയാണ് അവിടെ ആർ. എസ്. എസ്സും പോലീസുംകൂടി സൃഷ്ടിച്ചിരിക്കുന്നത്. ഈ പ്രശ്നം വച്ചുകൊണ്ട് നൂറനാട്ടും ചുനക്കര പ്രദേശത്തും പോലീസ് ഭീകര അന്തരീക്ഷം സൃഷ്ടിക്കുകയും ആളുകളെ അറസ്റ്റ് ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അവിടെ ഭീകര അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി പ്രവർത്തനത്തേയും കർഷകതൊഴിലാളി പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തേയും തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അവിടുത്തെ തൊഴിലാളികളെയും സാധാരണക്കാരെയും അടിച്ച് ഓടിച്ചിട്ട് ക്രൂരമായ മർദ്ദനം നടത്തുകയും നൂറുകണക്കിന് ആളുകളെ കളളക്കേസുകളിൽ കുടുക്കുകയുമാണ്. കുറാവാളികൾ ആർ. എസ്. എസ്സുകാരാണ്. പേരിന് ആർ. എസ്. എസ്സുകാരെയും അറസ്റ്റ് ചെയ്യുന്നുണ്ട്. ആർ. എസ്. എസ്സിന്റെ ആക്രമണ നീക്കത്തെ സംബന്ധിച്ച് നേരത്തെ ഞാൻ ബന്ധപ്പെട്ട പോലീസ് അധികൃതരെ അറിയിച്ചിട്ടുള്ളതാണ്. പോലീസിനെ രാഷ്ട്രീയക്കളിയിൽ നിന്ന് പിൻതിരിപ്പിച്ച് അവിടെ സമാധാന അന്തരീക്ഷം സൃഷ്ടിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ മാവേലിക്കരയിലും പരിസരങ്ങളിലും ഏതാനും ദിവസങ്ങളായി മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകരും കോൺഗ്രസ്സിന്റെ പ്രവർത്തകരും തമ്മിൽ സംഘട്ടനങ്ങളും, കയ്യേറ്റങ്ങളും, വിമർശനങ്ങളും നടന്നുവരികയാണ്. ഒക്ടോബർ 13-ാം തീയതി ഒരു സംഭവമുണ്ടായി. അവിടുത്തെ മുൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന മാർക്സിസ്റ്റുകാരനായ മുരളിയെ ആർ. എസ്. എസ്സുകാർ ആക്ഷേപിക്കുകയും അദ്ദേഹത്തെ ആക്രമിക്കാൻ മുതിരുകയും ചെയ്തു. അതിനെത്തുടർന്ന് മാർക്സിസ്റ്റുകാരും ആർ. എസ്. എസ്സുകാരും തമ്മിൽ ആക്രമിക്കാൻ തുടങ്ങി. അങ്ങനെ രണ്ടു വിഭാഗങ്ങളും തമ്മിലുള്ള അസ്വസ്ഥത അവിടെ നിലനിൽക്കുന്നുണ്ട്. അത് ഒഴിവാക്കാൻ വേണ്ടി ഡി. വൈ. എസ്. പി. യുടെ നേതൃത്വത്തിൽ ഒരു പോലീസ് പാർട്ടി ആ പ്രദേശത്തിന്റെ പ്രത്യേക ചുമതല വഹിക്കുന്നുണ്ട്. യാതൊരു വിധത്തിലുള്ള അനിഷ്ടസംഭവങ്ങളും ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(2) ബാംബൂ കോർപ്പറേഷൻ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എം. വി. മാണി : സർ, അങ്കമാലി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ബാംബു കോർപ്പറേഷന്റെ കീഴിലുള്ള ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് കൂലി കൂടുതൽ കൊടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധ പതിപ്പിക്കാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അങ്കമാലി-പെരുമ്പാവൂർ മേഖലകളിലെ പതിനയ്യായിരത്തോളം കുടുംബങ്ങൾ ബാംബു കോർപ്പറേഷന്റെ കീഴിൽ വിവിധതരം ജോലികൾ ചെയ്തു ജീവിക്കുന്നുണ്ട്. പ്രധാനമായും പനമ്പുനെയ്ത്തുമായി ബന്ധപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് പനമ്പിന് കിട്ടുന്ന വില വളരെ അപര്യാപ്തമാണ്. സഹകരണസംഘങ്ങൾ 5,3 ഇനം പനമ്പിന് ഏതാണ്ട്

LIBRARY ARCHIVES Kerala Legislative Assembly